**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1233** **07-12-2022 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ -ക്ഷീര വികസന വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും ഈ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ 525 താൽക്കാലിക നിയമനങ്ങളും 624 കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്. വെറ്ററിനറി സർജൻ, നൈറ്റ് അറ്റൻഡന്റ്, ക്ലാർക്ക് ടൈപ്പിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഇലക്ട്രീഷ്യൻ, ലേബറർ, ഡ്രൈവർ കം അറ്റൻഡന്റ്, റിസർച്ച് അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ, ആനിമൽ ഹാൻഡലർ, യങ് പ്രൊഫഷണൽ, എക്സ്റേ ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഓപ്പറേഷൻ തീയേറ്റർ അറ്റൻഡർ, സാനിറ്ററി വർക്കർ, സെക്യൂരിറ്റി, ഡിസൈനർ, അസിസ്റ്റന്റ് എഡിറ്റർ, വീഡിയോഗ്രാഫർ, ഐടി അസിസ്റ്റന്റ് എന്നീ തസ്തികകളിലാണ് മേൽ പറഞ്ഞ പ്രകാരം നിയമനം നടത്തിയിട്ടുള്ളത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പിൽ താൽക്കാലികമായി 27 ക്ഷീര വികസന ഓഫീസർമാരുടെ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ പ്രകാരം നിയമിതരായ വർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം മൃഗസംരക്ഷണ വകുപ്പിൽ 82,74,363/- രൂപയും ക്ഷീരവികസന വകുപ്പിൽ 8,41,331/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | മൃഗസംരക്ഷണ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 525 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റു നിയമനങ്ങളിൽ വാക്ക് ഇൻ ഇന്റർവ്യൂ, കുടുംബശ്രീ, ICAR Project മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്.<br><br>ക്ഷീരവികസന വകുപ്പിൽ 27 ക്ഷീരവികസന ഓഫീസർമാരുടെ നിയമനം എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ച് മുഖേനയാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ